ഉത്തരം.

(എ) 3 ഡിസ്പെൻസറികളും ഉണ്ട്.

(ബി) കുന്നത്തൂർ, അങ്ങാടിക്കൽ, ഡിസ്പെൻസറിക്ക് കെട്ടിടം കെട്ടുന്നതിനു 75 സെന്റു പുറമ്പോക്കുസ്ഥലം ഏറെറടുത്തിട്ടുണ്ട്, മററു രണ്ടു ഡിസ്പെൻസറികൾക്ക് ഗവണ്മെൻറുവക സ്ഥലമോ കെട്ടിടമോ ഇല്ല.

(സി) അങ്ങാടിക്കൽ ഡിസ്പെൻസറിക്ക് കെട്ടിടം ഈ സാമ്പത്തിക വർഷത്തിൽ കെട്ടേണ്ടതാണെന്നു കൊല്ലം ഡി. ഡി. സി. തീരുമാനം എടുത്തിട്ടുണ്ട്.

അലോപ്പതി ആശുപത്രികൾ.

284. [2] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിൽ എത്ര അലോപ്പതി ആശുപത്രികൾ ഉണ്ട് ;

(ബി) ഇവയിൽ ഓരോന്നിലും എത്ര ഡാക്ടർമാർ ഉണ്ട് ;

(സി) ഇവയിൽ ഓരോന്നിലും എത്ര മിഡ്വൈഫും നേഴ്സുംവീതം ഉണ്ട് ;

(ഡി) ഇവയിലോരോന്നിലും എത്ര ശിപായിമാർ വീതമുണ്ട് :

(ഈ) ഇവയിൽ എവിടെയെങ്കിലും ആവശ്യത്തിനുള്ള സ്റ്റാഫില്ലെന്നുള്ള പരാതി ഉണ്ടോ ;

(എഫ്) ഈ ആശുപത്രികളുടെ പരിസരം ഡി. എം. ഓ. മുന്നറിവു കൂടാതെ പരിശോധിച്ചിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ പരിശോധിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ഉത്തരം.

(എ) ആറു. (6)

(ബി) അടൂർ ആശുപത്രിയിൽ രണ്ടും, കടമ്പനാടു, ചന്ദനപ്പള്ളി, ശാസ്താംകോട്ട, എന്നീ മൂന്നു ഡിസ്പെൻസറികളിൽ ഓരോന്നും, ശൂരനാടു പ്രൈമറി ഹെൽത്തു സെൻററിൽ ഒന്നും വീതം ഡോക്ടർമാരുണ്ടു. കുടലിലുള്ള ടെമ്പററി മലേറിയാ ഡിസ്പെൻസറിയിൽ സ്ഥിരമായി ഡോക്ടറില്ല. ഇവിടെ പത്തനാപുരം പ്രൈമറി ഹെൽത്തു സെൻററിലെ ഡോക്ടർ ആഴ്ചയിൽ രണ്ടു പ്രാവശ്യം സന്ദർശിക്കുന്നുണ്ടു.

(സി) അടൂർ ആശുപത്രിയിൽ മൂന്നു നേഴ്സുമാരുണ്ടു. മററാശുപത്രികളിൽ നേഴ്സില്ല. കുടലിലൊഴികെ മറെറല്ലാ ആശുപത്രികളിലും ഓരോ മിഡ്വൈഫുമുണ്ടു. കുടാതെ ശൂരനാടു പ്രൈമറി ഹെൽത്തു സെൻററിൻെറ കീഴിലുള്ള അഞ്ചു സബ് സെൻററുകളിൽ ഓരോ മിഡ്വൈഫ് വീതം ഉണ്ടു.

(ഡി) അടൂരാശുപത്രിയിലും, ശൂരനാടു പ്രൈമറി ഹെൽത്തു സെൻററിലും മാത്രം ഓരോ ശിപായി ഉണ്ടു. മററുള്ള ആശുപത്രികളിൽ ശിപായിമാരില്ല.

(ഈ) അങ്ങനെ പരാതിയൊന്നും കിട്ടിയതായി കാണുന്നില്ല.

(എഫ്) അറിവില്ല.

(ജി) കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly